**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ലൈറ്റുകളായി മാറ്റുന്നതിന് e-Smart Energy Solutions Pvt. Ltd. എന്ന കമ്പനി Pay from Savings മാതൃകയിൽ സമർപ്പിച്ച പ്രപ്പോസൽ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.3128/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 12/12/2018

---

പരാമർശം :- (1) കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ 03.04.2017 ലെ സ്റ്റിയറിംഗ് കമ്മിറ്റിയോഗത്തിന്റെ 3-ാം നമ്പർ തീരുമാനം.

(2) കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 16.01.2018 ലെ 1-ാം നമ്പർ തീരുമാനം.

(3) കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 19.02.2018 ലെ PW11/26217/17 നമ്പർ കത്ത്.

(4) നഗരകാര്യ ഡയറക്ടറുടെ 23.04.2018 ലെ ഡിസി3-7094/18 നമ്പർ കത്ത്.

(5) എനർജിമാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ 11.07.2018, 26.11.2018 എന്നീ തീയതികളിലെ EMC/EED/18/E-11637/KMC നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ തെരുവ് വിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി. ലൈറ്റുകളാക്കി മാറ്റുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ Expression of Interest ക്ഷണിക്കുകയും ആയത് സമർപ്പിച്ചവരിൽ മികവ് പുലർത്തിയ 4 സ്ഥാപനങ്ങളുമായി കോർപ്പറേഷൻ ചർച്ച നടത്തുകയും അവരെ ഡെമോൺസ്ട്രേഷനായി ക്ഷണിക്കുകയും ചെയ്തിരുന്നു. കോർപ്പറേഷന്റെ മരാമത്ത്കാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ തീരുമാന പ്രകാരം 11 നഗരസഭകളിൽ സമാനമായ തെരുവ് വിളക്ക് പദ്ധതി നടപ്പിലാക്കിവരുന്ന e-Smart Energy Solutions Pvt. Ltd.-ന്റെ പ്രൊപ്പോസൽ സാങ്കേതികമായി മെച്ചപ്പെട്ടതാണെന്ന് ഇലക്ട്രിക്കൽ വിഭാഗം അസ്സിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിനും തുടർനടപടിക്കൾക്കുമായി കോർപ്പറേഷൻ കൗൺസിലിലേക്ക് ശിപാർശ ചെയ്യുകയും പരാമർശം (2) ലെ കൗൺസിൽ തീരുമാന പ്രകാരം മരാമത്ത്കാര്യ സ്റ്റന്റിങ് കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ച് Pay from savings മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിന് e-Smart Energy Solutions Pvt. Ltd. നെ സർക്കാർ അനുമതിയോടുകൂടി ചുമതലപ്പെടുത്തുന്നതിന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ തെരുവുവിളക്കുകൾ

സമ്പൂർണ്ണമായി എൽ.ഇ.ഡി. ആക്കുന്നതിനുള്ള മേൽ പദ്ധതി e-Smart Energy Solutions Pvt. Ltd. എന്ന സ്ഥാപനം മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷിച്ചു. കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി e-Smart Energy Solutions Pvt. Ltd. എന്ന സ്ഥാപനത്തിന് നൽകുന്നതിന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. പ്രസ്തുത പദ്ധതിയുടെ സാങ്കേതിക വശങ്ങൾ വിശകലനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ എനർജി മാനേജ്മെന്റ് സെന്റർ (EMC) ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. അതിൻപ്രകാരം എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ പരാമർശം (5) ലെ 11.07.2018 ലെ കത്ത് പ്രകാരം താഴെപറയുന്ന ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്.

i. e-Smart Energy Solutions Pvt. Ltd. മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണവും വാട്ടേജും നല്കിയിട്ടില്ലാത്തതിനാൽ ഇപ്പോഴുള്ള തെരുവു വിളക്കുകളിൽ നിന്നും ലഭിച്ച പ്രകാശ തീവ്രതയ്ക്ക് (illumination level) എല്ലാ റോഡുകളിലും IS-1944 പ്രകാരം വെളിച്ചം ഉറപ്പാക്കേണ്ടതാണ്.

ii. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എൽ.ഇ.ഡി. തെരുവ് വിളക്കുകളുടെ സാമ്പിൾ സ്വീകരിച്ച് NABL അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്.

iii. 10 വർഷത്തിനു (പദ്ധതി നടത്തിപ്പ് കാലയളവ്) ശേഷം തെരുവ് വിളക്കുകൾ കൊല്ലം നഗരസഭയ്ക്ക് കൈമാറുമ്പോൾ എല്ലാ തെരുവുവിളക്കുകളും പ്രവർത്തനസജ്ജമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

iv. പ്രവർത്തനരഹിതമായ എൽ.ഇ.ഡി. വിളക്കുകൾ 48 മണിക്കൂറിനുള്ളിൽ തകരാറുകൾ പരിശോധിച്ച് പ്രവർത്തനസജ്ജമായെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പ്രവർത്തനസജ്ജമാക്കിയില്ലെങ്കിൽ ധാരണാ പത്രം പ്രകാരമുള്ള പിഴ കമ്പനിയിൽ നിന്നും നഗരസഭ ഈടാക്കേണ്ടതാണ്.

v. കൊല്ലം നഗരസഭ നിലവിൽ കെ.എസ്.ഇ.ബി.ക്ക് നൽകുന്ന വൈദ്യുതി ചാർജ്ജ് തുകയായ 31,05,063/- രൂപയും അറ്റകുറ്റ പണികൾക്കും, പരിപാലനത്തിനുമായി ചെലവാക്കുന്ന തുകയായ 5 ലക്ഷം രൂപയും മാത്രമേ e-Smart Energy Solutions Pvt. Ltd. എന്ന കമ്പനി പദ്ധതി നടത്തിപ്പ് കാലയളവിൽ ഈടാക്കുവാൻ പാടുള്ളൂ. നാലാം വർഷത്തിലും എട്ടാം വർഷത്തിലുമുള്ള വർദ്ധനവ് കോർപ്പറേഷനും, കമ്പനിയും ചേർന്ന് തീരുമാനിക്കേണ്ടതാണ്.

vi. പുതുതായി സ്ഥാപിക്കുന്ന എൽ.ഇ.ഡി. തെരുവു വിളക്കുകളുടെ വിലയും മറ്റു കാര്യങ്ങളും കോർപ്പറേഷനും, കമ്പനിയും തമ്മിൽ തീരുമാനിക്കേണ്ടതാണ്.

vii. ഈ പദ്ധതിയുടെ നടത്തിപ്പിനും, തുടർന്നുള്ള സാങ്കേതിക വശങ്ങൾ പരിശോധിക്കുവാനും കൊല്ലം കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി ഉണ്ടാക്കേണ്ടതാണ്.

4. പരാമർശം (5) ലെ 26.11.2018 ലെ കത്ത് പ്രകാരം, e-Smart Energy Solutions Pvt. Ltd. കമ്പനി കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ലഭിക്കുന്ന ലാഭത്തിന്റെ 10 ശതമാനം കൊല്ലം മുനിസിപ്പൽ കോർപ്പറേഷന് തിരികെ നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്ന് ഇ.എം.സി. ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ ഊർജ്ജക്ഷമത കുറഞ്ഞ വിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ള എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ച് നല്ല രീതിയിൽ തെരുവു വിളക്കുകൾ പരിപാലിക്കുവാൻ ക്ഷണിച്ച Expression of Interest യിൽ e-Smart Energy Solutions Pvt. Ltd. എന്ന കമ്പനി Pay from Savings മാതൃകയിൽ സ്ഥാപിക്കുവാൻ സമർപ്പിച്ച പ്രപ്പോസൽ ഏറ്റവും മികച്ചതാണെന്ന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷന് ബോധ്യപ്പെട്ടിട്ടുള്ളതിനാലും, ടി പ്രൊപ്പോസൽ പരിശോധിച്ച് അനുകൂല തീരുമാനം എടുക്കാവുന്നതാണെന്ന എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ പരാമർശം (5) പ്രകാരം നൽകിയ റിപ്പോർട്ടുകളിലെ മേൽപ്പറഞ്ഞ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ടി പദ്ധതി നടപ്പിലാക്കുന്നതിന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷന് അനുമതി നൽകി ഉത്തരവാകുന്നു. ടി പ്രോജക്ടിന് ഭരണാനുമതിയും, ധനാനുമതിയും ആവശ്യമായ പരിശോധനകൾക്ക് ശേഷം കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**സിന്ധു.എൽ**

**സ്പെഷ്യൽ സെക്രട്ടറി**

മേയർ, കൊല്ലം കോർപ്പറേഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.